DESPATCHED On...13.5.2020

2.3.20

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001.
Tel: 0471 2335199, Fax: 0471 2330920 Email: sic.ker@nic.in

ഹർജി നമ്പർ എ.പി. 414(3)/2013/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ 1833/എസ്.ഐ.സി.ജി1/2013)

സന്നിഹിതൻ

ശ്രീ. എസ്. സോമനാഥൻ പിള്ള, വിവരാവകാശ കമ്മീഷണർ

ശ്രീ. അഭിലാഷ് എസ്. നായർ,
അഭിലാഷ് ഭവൻ,
അടിപറമ്പ്,
മരുതമല പി. ഒ.,
തിരുവനന്തപുരം – 695 551. } അപ്പീൽ ഹർജിക്കാരൻ

Vs

1) സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്,
ട്രാൻസ് ടവേഴ്സ്,
തിരുവനന്തപുരം.

2) അപ്പീൽ അധികാരി,
ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്,
ട്രാൻസ് ടവേഴ്സ്,
തിരുവനന്തപുരം.

} എതിർകക്ഷികൾ

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 30.10.2012 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭിച്ച തീയതി | 14.11.2012 |
| ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 03.12.2012 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | -- |
| കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 08.02.2013 |
| ഹർജിക്കാരന്റെ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 08.02.2013 |

ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റിന്റെയും കരമന പോലീസ് സ്റ്റേഷന്റെയും അധീനതയിലുള്ള വിവരങ്ങൾ അറിയുന്നതിനു വേണ്ടിയാണ് ഹർജിക്കാരനായ ശ്രീ. അഭിലാഷ് എസ്. നായർ ബഹു. മുഖ്യമന്ത്രിയുടെ ഓഫീസിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് (എസ്.പി.ഐ.ഒ.) ഈ അപ്പീൽ ഹർജിക്ക് ആധാരമായ വിവരാവകാശ

അപേക്ഷ സമർപ്പിച്ചത്. വിവരാവകാശ നിയമത്തിലെ 6(3) വകുപ്പ് പ്രകാരം ഒരു പൊതു അധികാര സ്ഥാപനത്തിൽ ലഭിക്കുന്ന വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെടുന്ന വിവരം മറ്റൊരു പൊതു അധികാര സ്ഥാപനത്തിന്റെ അധീനതയിലുള്ളതാണെങ്കിൽ അവിടേക്ക് അപേക്ഷ അയച്ചുകൊടുത്ത് അപേക്ഷകന് നേരിട്ട് വിവരം നൽകുവാൻ നിർദ്ദേശിക്കുക എന്നതാണ് അപേക്ഷ ലഭിക്കുന്ന ആദ്യത്തെ എസ്.പി.ഐ.ഒ. യുടെ ബാധ്യത. എന്നാൽ 6(3) വുകപ്പ് ഒരു കുറുക്കു വഴിയായി കണ്ട് കേരളത്തിലെ ഏത് അധികാര സ്ഥാപനത്തിൽ നിന്നുമുള്ള വിവരം ലഭിക്കുവാൻ സംസ്ഥാന മുഖ്യമന്ത്രിയുടെ ഓഫീസിലേക്കോ, ചീഫ് സെക്രട്ടറിയുടെ ഓഫീസിലേക്കോ വിവരാവകാശ അപേക്ഷ സമർപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുവാൻ പാടില്ലാത്ത തെറ്റായ നടപടിയാണ്. അത് പ്രോത്സാഹിപ്പിച്ചാൽ ബഹു. മുഖ്യമന്ത്രിയുടെ ഓഫീസും ചീഫ് സെക്രട്ടറിയുടെ ഓഫീസുമൊക്കെ ജനങ്ങളുടെ വിവരാവകാശ അപേക്ഷകൾ ഓരോ ഓഫീസുകളിലേക്കും അയച്ചുകൊടുക്കുന്ന ഒരു പോസ്റ്റ് ഓഫീസായി മാറുന്ന അവസ്ഥ സംജാതമാകും. ഈ ഹർജിക്കാരന് ടിയാൻ ആവശ്യപ്പെടുന്ന വിവരങ്ങൾ ട്രാൻസ്പോർട്ട് ഓഫീസിന്റെയും കരമന പോലീസ് സ്റ്റേഷന്റെയും അധീനതയിലുള്ള വിവരങ്ങളാണെന്ന് വ്യക്തമായി അറിയാം. ആയതിനാൽ ടി രണ്ട് ഓഫീസുകളിലേക്കും വിവരാവകാശ അപേക്ഷ സമർപ്പിച്ച് വിവരങ്ങൾ ആവശ്യപ്പെടാവുന്നതാണ് എന്ന് നിർദ്ദേശിച്ചുകൊണ്ട് ഈ അപ്പീൽ ഹർജി തള്ളിക്കളഞ്ഞുകൊണ്ട് ഇന്നേ ദിവസം 2020 മാർച്ച് മാസം 2 – ാം തീയതി തീർപ്പാക്കുന്നു.

(ഒപ്പ്)
**എസ്. സോമനാഥൻ പിള്ള**
**വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**

srv



RIGHT TO INFORMATION